മായി ഏർപ്പെട്ട കരാറുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) കരാർ തുകയിൽ വ്യത്യാസം വന്നതായി കാണുന്നില്ല. മുൻ കരാറുകളിൽ കരാറുകാർക്ക് പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ റേറ്റിൽ മാറ്റം വരുന്ന മുറയ്ക്ക് അതിന് ആനുപാതികമായി റേറ്റിൽ വർദ്ധന നൽകാൻ വ്യവസ്ഥയുണ്ട്. പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ 1999ൽ പരിഷ്കരിച്ചതിനാൽ അതിന്റെ വർദ്ധന കണക്കിലെടുത്ത് പുതിയ റേറ്റ് അനുവദിക്കുമ്പോൾ പുതിയ കരാറിലെ റേറ്റുമായി വ്യത്യാസം കാണില്ല. മാത്രമല്ല പുതിയ കരാർ ബോർഡിന് ഗുണകരമായിട്ടുള്ളതാണ്.

121 (1030) കരാറുകാർ വാർത്തു നൽകുന്ന പോസ്റ്റുകൾ

ശ്രീ. പി.ജെ. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ പോസ്റ്റ് വാർക്കുന്നതിന് ടെണ്ടർ സമർപ്പിക്കാനുള്ള യോഗ്യതകൾ എന്തെല്ലാം;

(ബി) കരാറുകാർ വാർത്തു നൽകുന്ന പോസ്റ്റുകൾ എവിടെ നൽകണമെന്നാണ് വ്യവസ്ഥ; ഇതിനുള്ള ട്രാൻസ്പോർട്ടിംഗ് ചാർജ് ആരാണ് വഹിക്കേണ്ടത്;

(സി) പോസ്റ്റിന്റെ ക്വാളിറ്റി പരിശോധിക്കാൻ ഉത്തരവാദപ്പെട്ടവരാരെല്ലാം ആണ്; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള എസ്.എസ്.ഐ. യൂണിറ്റുകൾ, സഹകരണ സ്ഥാപനങ്ങൾ, നിലവിലുള്ള പോൾ കാസ്റ്റിംഗ് കരാറുകാർ എന്നിവരിൽ നിന്നുമാണ് വൈദ്യുതി ബോർഡ് പോസ്റ്റുകൾ വാർക്കുന്നതിൽ ടെൻഡർ ക്ഷണിക്കുന്നത്. അല്ലാതെ പ്രത്യേകിച്ച് യോഗ്യതയൊന്നും നിഷ്കർഷിക്കാറില്ല.

(ബി) കരാറുകാർ വാർത്തു നൽകുന്ന പോസ്റ്റുകൾ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന മുറയ്ക്ക് വിപുലീകരണ പ്രവർത്തനങ്ങൾക്കായി സെക്ഷൻ ഓഫീസുകൾ, സബ് ഡിവിഷൻ ഓഫീസുകൾ കൂടാതെ ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന ഏതു സ്ഥലത്തും വിതരണം ചെയ്യേണ്ടതാണ്. ട്രാൻസ്പോർട്ടിംഗ് ചാർജ് ഉൾപ്പെടെയാണ് കരാറുകാർക്ക് വർക്ക് നൽകുന്നത്.

(സി) ബോർഡ് ഉദ്യോഗസ്ഥരാണ് പോസ്റ്റിന്റെ ക്വാളിറ്റി (ഗുണനിലവാരം) പരിശോധനയിൽ ഉത്തരവാദപ്പെട്ടവർ. പോസ്റ്റുകൾ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ആണ് നിർമ്മിക്കപ്പെടുന്നത്. ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി പോസ്റ്റുകൾ വിവിധ തരം ടെസ്റ്റുകൾക്ക് വിധേയമാക്കുന്നതാണ്. ഗുണനിലവാരമില്ലാത്ത പോസ്റ്റുകൾ സ്വീകരിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly